**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5609** **08-07-2024 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കാത്തതിനാൽ കോവളം-ബേക്കൽ ജലപാത പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | ഇല്ല.<br><br>കോവളം മുതൽ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br><br>ഇതിൽ കോവളം മുതൽ കൊല്ലം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയും സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത (NW3) ആയി പ്രഖ്യാപിച്ചിട്ടുള്ളതും ദേശീയ ജലപാത അതോറിറ്റി (IWAI)-യുടെ അധീനതയിലുമാണ്.<br><br>പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. വിവിധ ഭാഗങ്ങളിൽ നടന്നു വരുന്ന വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :-<br><br>**കോവളം - കൊല്ലം**<br><br>കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ.) ഭാഗത്തെ 51 കി.മീ. ഗതാഗതയോഗ്യമാണ്. അഷ്ടമുടി കായൽ മൗത്ത് മുതൽ കായംകുളം വരെയുള്ള ഭാഗം ഗതാഗതയോഗ്യവും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.<br><br>കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീ. ആക്കുന്നതിനായി അതിർത്തിക്കല്ലുകൾ |

സ്ഥാപിച്ചുകഴിഞ്ഞു.

തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് മുടങ്ങിയ പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം അതിർത്തി തിരിച്ച് കല്ലിട്ടതിനു ശേഷം ആരംഭിച്ച് 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുത്തൻപാലം സ്റ്റീൽ പാലത്തിൻറെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലാൻറ് അക്വിസിഷൻ നടന്നതിനു ശേഷമേ പാലത്തിൻറെ നിർമ്മാണം ആരംഭിക്കുകയുള്ളൂ. പ്രവൃത്തി 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ടി.എസ്. കനാലിനു കുറുകെ കരിക്കകം സ്റ്റീൽ പാലത്തിൻറെ നിർമ്മാണം പൂർത്തീകരിച്ചു.

പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നുവരുന്നു.16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

സെൻറ് ആൻഡ്രൂസ് പാലത്തിൻറെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.ചാന്നാങ്കര പാലത്തിനു സമീപമുള്ള തീര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിൻറെ പ്രവൃത്തിയിൽ ടണൽ ക്ലീനിംഗ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

ചെ.49740 മീ. മുതൽ ചെ. 50900 മീ. വരെയും, ചെ. 50900 മീ. മുതൽ ചെ. 52200 മീ. വരെയുമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസന പ്രവർത്തനങ്ങൾ ടെണ്ടർ നടപടികളിലാണ്.

വർക്കല റാത്തിക്കൽ ജുമാമസ്ജിദിനു സമീപവും താഴെവെട്ടൂർ മസ്ജിദിനു സമീപവും പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികളും റാത്തിക്കൽ ജുമാമസ്ജിദു ഭാഗത്തെ ഡ്രെയിൻ നിർമ്മാണ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു.

പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിൻറെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

കല്ലുപാലം പണി പൂർത്തീകരിച്ചു.

കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

ഗുഹാനന്ദപുരം, ചേരിക്കടവ്, തോലുകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെയുള്ള ലാൻറ് അക്വിസിഷനും തുടർന്നുള്ള റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും നടന്നുവരുന്നു.

ടൂറിസം വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രവൃത്തികൾ.

1) കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം പൂർത്തീകരിച്ചു.

2) പുത്തൻകടവ് ബോട്ടുജെട്ടി , പണയിൽകടവ് ബോട്ടുജെട്ടി , മുരുക്കുംപുഴ ബോട്ടുജെട്ടി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്.

3) ഇരവിപുരം അസംബ്ലി മണ്ഡലത്തിലെ ഇരവിപുരത്ത് സെൻറ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്കു സമീപം കാരുണ്യതീരം മുതൽ ഇരവിപുരം പാലം റീച്ച്-2 ചെ.330. മീ മുതൽ 680 മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

4) കൊല്ലംതോട് റീച്ച് -6 ചെ. 73.1 മുതൽ 73.50 കി.മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകരയുടെ അടിയന്തിര സംരക്ഷണ പ്രവൃത്തി - പുരോഗമിച്ചു വരുന്നു.

കോവളം മുതൽ കായകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ 2024 അവസാനത്തോടു കൂടി പൂർത്തീകരിക്കുവാൻ സാധിക്കും.

കനാൽ വികസനത്തിന്റെ ഭാഗമായി വർക്കല, കഠിനംകുളം, തിരുവനന്തപുരം മേഖലയിൽ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ 247.2 കോടിയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നു. 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നതിൽ 550-ഓളം കുടുംബങ്ങളെ

പുനരധിവസിപ്പിക്കുകയും ഇതിനായി 54.99 കോടി രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**കൊല്ലം - കോട്ടപ്പുറം**

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW-3)-യിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. പൂർണ്ണതോതിൽ ജലഗതാഗതയോഗ്യമാണെങ്കിലും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകാനുണ്ട്.

**കോട്ടപ്പുറം - ചാവക്കാട്**

തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് എത്തിച്ചു. തൃപ്രയാർ, കണ്ടശ്ശൻകടവ്, ഏനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ അനുമതിയും, ചേറ്റുവ–ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി 1.00 കോടി രൂപയുടെ അനുമതിയും, തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നു പോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള പ്രവൃത്തിക്ക് 2.25 കോടി രൂപയുടെ അനുമതിയും നല്കിയതിനെ തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ചേറ്റുവ – കല്ലായി**

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW-3ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിന് വേണ്ടി 2.17 കോടി രൂപയുടെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത 328 കി.മീ. കഴിഞ്ഞു വരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാൽ വികസിപ്പിക്കുന്നതിനായി 'കോഴിക്കോട് കനാൽസിറ്റി പ്രോജക്ട് ' എന്ന പേരിൽ 1118 കോടി രൂപയുടെ കിഫ്ബി ധനസഹായ പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി KWIL-നെ

ച്ചമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കി വരുന്നു.

ദേശീയ ജലപാത-3ന്റെ എക്സ്റ്റൻഷൻ ആയി പ്രഖ്യാപിച്ചിട്ടുള്ള കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. വീതികൂട്ടിയും ആഴം വർദ്ധിപ്പിച്ചും ദേശീയ ജലപാതയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിലേയ്ക്കായുള്ള നടപടികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് സ്വീകരിക്കേണ്ടത്.

__വടകര - മാഹി__

വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 9.28 കി.മീ. ദൂരം കനാൽ നാവിഗബിൾ ആയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നു വരുന്നു.

റീച്ച് 1- പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി ടെണ്ടറിംഗ് ഘട്ടത്തിലാണ്.

റീച്ച് 2- പൂർത്തീകരിച്ചു.

റീച്ച് 3- 50 % പൂർത്തീകരിച്ചു.

റീച്ച് 4- കനാൽ എസ്കവേഷൻ പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്.

റീച്ച് 5- പൂർത്തീകരിച്ചു.

__മാഹി - വളപട്ടണം__

മാഹി വളപട്ടണം റീച്ചിന്റെ 26 കി.മീ ദൂരം വരുന്ന കനാലിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാത ആക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദ്ദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നു വരുന്നു.

ഒന്നാം കട്ട് - പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

| | | | |
|---|---|---|---|
| | | | രണ്ടാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.<br><br>മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**<u>നീലേശ്വരം - ബേക്കൽ</u>**<br><br>കാസറഗോഡ് ജില്ലയിൽ കൊറ്റിമുതൽ നീലേശ്വരം-കോട്ടപ്പുറം വരെ 22.63 കി.മീ ജലപാത ഗതാഗത യോഗ്യമാണ്. നീലേശ്വരം-കോട്ടപ്പുറം മുതൽ ബേക്കലിനു സമീപം ചിത്താരി വരെ(21.92കി.മീ) നീട്ടുന്നതിനുള്ള പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നീലേശ്വരം-ബേക്കൽ ജലപാത നിർദ്ദിഷ്ട ജലപാത (ചെയിനേജ് 567.90 കി.മീ- 59.53 കി.മീ.) വികസിപ്പിക്കുന്നതിനായി കവ്വായി-തലിച്ചാലം, കവ്വായി-മടക്കര, മടക്കര-മയ്യിച്ച, കോട്ടപ്പുറം-പെരുമ്പട്ട എന്നീ ഫീഡർ കനാൽ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിൽകവ്വായി - മടക്കര ഫീഡർ റൂട്ടിൽ തടസ്സമായി നിൽക്കുന്ന മാടക്കൽ, ഇടയിലക്കാട്, തെക്കേക്കാട് എന്നീ ബണ്ടുകൾ പൊളിച്ചുനീക്കി പാലം പണിയുന്നതിലേക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നുണ്ടെങ്കിലും കോടതി വ്യവഹാരങ്ങൾ കാരണം കാലതാമസം നേരിടുന്നുണ്ട്. തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ